**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5080** **20-07-2022 - ൽ മറുപടിയ്ക്ക്**

**ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയ്യേറ്ററിന് സ്ഥലം അനുവദിയ്ക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വാർഷിക ബഡ്ജറ്റിൽ അനുമതി ലഭിച്ച ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയ്യേറ്ററിന് സ്ഥലം അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **ഏങ്ങണ്ടിയൂർ വില്ലേജ് സർവ്വെ 22/1ൽ ഉൾപ്പെട്ട ഭൂമിയിൽ രാമുകാര്യാട്ട് സ്മാരക നിർമ്മാണം, ഏങ്ങണ്ടിയൂർ വില്ലേജ് ഓഫീസ് നിർമ്മാണം, സിനിമതിയറ്റർ കോംപ്ലക്സ് നിർമ്മാണം എന്നിവയ്ക്കായി ഉദ്ദേശിക്കപ്പെട്ട ഭൂമിയുടെ സ്കെച്ച് ചാവക്കാട് താലൂക്ക് സർവ്വെയർ തയ്യാറാക്കി ചാവക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ്. തിയറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ, KSFDC അധികൃതരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത സ്മാരക നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | രാമു കാര്യാട്ട് സ്മാരക നിർമ്മാണത്തിനായി കണ്ടെത്തിയ ഏങ്ങണ്ടിയൂർ വില്ലേജിലെ സർവ്വെ 22/1 ലെ തെക്കേ അതിർത്തിയോട് ചേർന്നുള്ള 20 സെന്റ് ഭൂമി, താലൂക്ക് സർവ്വെയർ അളന്ന് തിട്ടപ്പെടുത്തി ഏങ്ങണ്ടിയൂർ പഞ്ചായത്ത് അധികൃതരെ ബോദ്ധ്യപ്പെടുത്തി സ്കെച്ച് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ വിശദമായി പാട്ടപ്രൊപ്പോസൽ തയ്യാറാക്കി, തുടർനടപടി ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ